# പാടവരമ്പത്തെ പച്ചക്കറി

Mathrubhumi-16-05-2018-P_-04

**സിറാജുദ്ദീൻ പന്നിക്കോട്ടൂർ**



ഷാജിമാത്യു പാടവരമ്പത്തെ കാബേജ് കൃഷിക്കരികിൽ

▸പാടത്ത് നെല്ലും വരമ്പത്ത് പച്ചക്കറിയും എന്ന പുതുമയാർന്ന രീതിയിലൂടെ പാടവും വരമ്പും പ്രയോജനപ്പെടുത്തി വ്യത്യസ്ത വിളവുകൾ നേടുകയാണ് കോഴിക്കോട് കോടഞ്ചേരി തിരുമലയിൽ ഷാജി മാത്യു. നാലുവർഷമായി, കുറഞ്ഞകാലംകൊണ്ട് വിളവുതരുന്ന നെല്ലിനങ്ങൾ ഉപയോഗിച്ച് മൂന്നുവിള വീതം കൃഷിചെയ്യുകയും അതോടൊപ്പം ആ കാലത്തേക്കുതകുന്ന പച്ചക്കറിയുംകൂടി വിളയിച്ചെടുക്കുകയും ചെയ്യുന്നു.

ഈവർഷം ഒന്നാംവിളയായി ഗോപികയും രണ്ടാംവിളയായി രക്തശാലിയും മൂന്നാംവിളയായി ബ്ലാക്ക്റോസ്, ബ്ലാക്ക് ജാസ്മിൻ, രക്തശാലി എന്നീ മൂന്നിനം നെല്ലുകളുമാണ് കൃഷിചെയ്തത്. മലപ്പുറം പുലാമന്തോളിലെ ശശിധരൻ എന്ന കർഷകർ വികസിപ്പിച്ച അസാധാരണമായ വലുപ്പമുള്ള നെന്മണിയോടുകൂടിയതും ഉരുണ്ട മട്ടയരി ലഭിക്കുന്നതും വർഷം മൂന്നുവിളവുവരെ എടുക്കാവുന്നതും കരനെൽക്കൃഷിക്കും വെള്ളമുള്ള പാടത്തും ഒരേപോലെ ഉപയോഗിക്കാവുന്നതുമായ ഗോപിക എന്ന നെല്ല് അദ്ദേഹത്തിൽനിന്ന് നേരിട്ടുവാങ്ങിയാണ് വിത്തിറക്കിയത്. രക്തശാലിയും കറുത്ത തവിടുള്ള ബ്ലാക്ക്റോസ്, ബ്ലാക്ക് ജാസ്മിൻ എന്നിവയും ഔഷധഗുണമുള്ള നെല്ലിനങ്ങളാണ്.

ഒന്നാംവിളയോടൊപ്പം വെണ്ടയും രണ്ടാം വിളയോടൊപ്പം കാബേജും കോളിഫ്ലവറും മൂന്നാംവിളയോടൊപ്പം ചീരയുമാണ് വരമ്പിൽ കൃഷിചെയ്യുന്നത്. വരമ്പിലെ ഈ കൃഷിയിൽനിന്ന് അധികവരുമാനത്തിന് അവസരമാകുന്നു. കൊയ്ത്തുസമയമാകുമ്പോൾ കാടുകയറിക്കിടക്കുന്നത് ഒഴിവാക്കാനും വരമ്പ് വൃത്തിയായി ഇരിക്കാനും ഈ രീതി സഹായിക്കുന്നു. വരമ്പിലെ ഞണ്ട് ശല്യവും കളകളിൽനിന്നുള്ള കീടശല്യവും കുറയുന്നു. വളപ്രയോഗത്തിനായി പ്രത്യേകം സമയമോ അധ്വാനമോ ചെലവഴിക്കേണ്ടതുമില്ല. കാബേജും ജമന്തിയുമെല്ലാം കീടനാശിനികളെ അകറ്റാനും സഹായിക്കുന്നു.

സ്വന്തമായുള്ള രണ്ടേക്കർസ്ഥലത്ത് ഒരേക്കറിൽ നെല്ലും ബാക്കിയിൽ വാഴ, കപ്പ എന്നിവയും കൃഷിചെയ്യുന്നു. കോഴിഫാമും ഒരു പശു, മൂന്നു പോത്ത് എന്നിവയെയും സംരക്ഷിച്ചുവരുന്നു. ഇതിനൊപ്പം എട്ടേക്കർ പാട്ടത്തിനെടുത്ത നാലുപേർ ചേർന്നുള്ള കൃഷിയിൽ പങ്കാളിത്തവുമുണ്ട്. ഫോൺ: 9496163613.